11

# മരിച്ച അല്ലെങ്കിൽ ജീവനുള്ള

## (2:1- 7)

റോക്കറ്റിന്റെ ശക്തിയുള്ള ഒരു മോട്ടോർ സൈക്കിളിൽ, ഇഡാഹോയിലെ മലയിടുക്കു നദിയായ സ്നേക്ക് റിവറിന്റെ മറുകര വിജയകരമായി കടക്കുവാൻ കഴിയും എന്നു അതിസാഹസിക ചാട്ടക്കാരനായിരുന്ന ഇവെൽ നീവെൽ ആയിരക്കണക്കിനു ആളുകളെ 1974-ൽ ബോധ്യപ്പെടുത്തി. 20,000 ത്തോളം ആളുകൾ സംഭവം നേരിൽ കാണുവാൻ പണം നല്കി. 1,000,000 ത്തിലധികം മറ്റുള്ളവർ രാജ്യം മുഴുവനുമുള്ള പ്രക്ഷേപണം നേരിൽ അടുത്തു കാണുന്നതിന് തിയേറ്ററുകളിൽ ടിക്കറ്റും എടുത്തിരുന്നു.

നീവെൽ മലയിടുക്ക് കടന്നില്ല. അയാളുടെ "ആകാശ - ബൈക്കിലെ" പാരച്ച്യൂട്ട് ചാടിയ ഉടനെ സമയത്തിനു മുൻപു വിടർന്നു. അതുകൊണ്ട് സാഹസികനും അയാളുടെ സൈക്കിളും താഴെ വെറുതെ ഒഴുകി നിന്നു.

എങ്ങനെയായാലും, നാം കാറിൽ വലിയ സ്പീഡിൽ കയറ്റം കയറി മലയിടുക്കു ചാടി കടക്കുന്നതിനേക്കാൾ വളരെ വേഗത്തിൽ, നീവെൽ മറുകര കടക്കുവാൻ വളരെ ദൂരം യാത്ര ചെയ്തു. എന്റെ കാർ മറ്റു ചിലരുടെ കാറുകളേക്കാർ വേഗത്തിൽ സഞ്ചരിക്കും, പക്ഷെ ഒരു കാറും വിജയകരമായി നദി ചാടുകയില്ല. അങ്ങനെ ശ്രമിച്ചാൽ ആ കാറുകൾ എല്ലാം തകർന്നുപോകും.

നമ്മുടെ ജീവിതത്തെ സംബന്ധിച്ചാകുമ്പോൾ, ആളുകൾ വ്യത്യസ്തരാണ്. നാം ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയുമായി താരതമ്യം ചെയ്താൽ, ഒരാൾ പലപ്പോഴും ഏതാണ്ട് ഒരു പരിധിവരെ മറ്റെ ആളേക്കാൾ നന്നായി ചെയ്യും. എങ്ങനെയായാലും, ഒരു പരിശുദ്ധ ദൈവത്തോടു താരതമ്യം ചെയ്താൽ, എല്ലാ ആളുകളും നന്മയിൽ കുറവുള്ളവരായി കാണാം. പരിശുദ്ധനായ ദൈവവും പാപിയായ മനുഷ്യനുമിടക്കുള്ള മലയിടുക്കു കടക്കുവാൻ ഒരു മനുഷ്യനും സാധ്യമല്ല.

ഇതുവരെ ജീവിച്ചിരുന്നവരിൽ ഏറ്റവും നിസ്വാർത്ഥനും, കരുതുന്നവനും, ധർമ്മിഷ്ടനും ആയ ആൾക്കു പോലും ഒരുപോലെ ആവശ്യമുള്ളതാണ് അഡോൾഫ് ഹിറ്റ്ലറിനോ ഉപാസനാദ്ധ്യക്ഷനായിരുന്ന ചാൾസ് മാൻസണിനോ ആവശ്യമുള്ളതായ ദൈവത്തിന്റെ രക്ഷിക്കുന്ന ശക്തി. താരതമ്യം ചെയ്താൽ, അവർ തുല്യ പാപികളായിരുന്നില്ല, പക്ഷെ അവർ തുല്യമായി പാപത്തിൽ മരിച്ചവരും ദൈവത്തിൽ നിന്നു വേർപ്പെട്ടവരും ആയിരുന്നു.

ഒരു പാപിയും ആത്മിയമായി മറ്റൊരു പാപിയേക്കാൾ മെച്ചമല്ല. ദൈവത്തിന്റെ രക്ഷിക്കുന്ന ശക്തിയെ കൂടാതെ, ഒരു മദ്യപാനി, മയക്കുമരുന്നിനടിമപ്പെട്ടവൻ, അല്ലെങ്കിൽ ഒരു അശ്ലീല ചിത്ര നിർമ്മാതാവ് എന്നിവർ ദൈവ

ത്തോട് അടുക്കുന്നതിലും അപ്പുറമായി നമുക്കു ദൈവത്തോടു അടുക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിച്ചപ്പോൾ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിച്ചു കഴിഞ്ഞു.

ക്രിസ്തുവിനുവേണ്ടി ദൈവത്തിന്റെ ശക്തി ചെയ്തതു നിങ്ങൾക്കുവേണ്ടിയും ചെയ്യും എന്നതാണ് സുവാർത്ത. ദൈവത്തിന്റെ ശക്തി മരിച്ചവരെ ഉയിർപ്പിക്കും. ആ സത്യം എഫെസ്യർ 2:1-7 ഉറപ്പിക്കുന്നു: *ദൈവം തന്റെ വലിയ ശക്തി പ്രദർശിപ്പിക്കുന്നതു ക്രിസ്തു മുഖാന്തരം പാപികളെ മരിച്ചവരിൽ നിന്നു ജീവിതത്തിലേക്കു കൊണ്ടുവന്നു കൊണ്ടാണ്.*

## ദൈവത്തിന്റെ ശക്തിക്കപ്പുറമായി പാപികളുടെ അവസ്ഥയെ ദൈവം വിവരിക്കുന്നു

എഫെസ്യയിലെ ക്രിസ്ത്യാനികളോടു പൗലൊസ് പറഞ്ഞു,

> അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു, അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും, ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന, ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാമെല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു, ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തും കൊണ്ടു, മറ്റുള്ളവരെ പോലെ പ്രകൃതിയാൽ, കോപത്തിന്റെ മക്കൾ ആയിരുന്നു (2:1-3).

ക്രിസ്തുവിൽ ആകുന്നതിനു മുമ്പിലത്തെ ഒരു വ്യക്തിയുടെ വികൃതമായ ചിത്രമാണ് പൗലൊസ് വരച്ചു കാണിച്ചിരിക്കുന്നത്. ഈ വാക്യങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന ഭയങ്കര സാഹചര്യത്തെ മാറ്റുവാൻ ദൈവശക്തിക്കു മാത്രമെ കഴിയൂ. നാം ചുരുങ്ങിയത് അഞ്ചു ഉറപ്പുകൾ കാണുന്നു.

1. *നാം മരിച്ചിരുന്നു* (വാ. 1). നമ്മുടെ സാഹചര്യത്തെ ആ പ്രസ്താവന ചുരുക്കി പറയുന്നു. നാം തീരാവ്യാധി പിടിപെട്ട്, അല്ലെങ്കിൽ മാരക മുറിവേറ്റു, മരിക്കുകയായിരുന്നില്ല. നാം ദൈവത്തോടു മരിച്ചവരായിരുന്നു. നമ്മുടെ ആത്മാക്കളിൽ ജീവനില്ലായിരുന്നു. ഖേദകരമായി, ഒരു നഷ്ടപ്പെട്ട മനുഷ്യൻ അയാൾ എത്രത്തോളം മരിച്ചു എന്നു വാസ്തവത്തിൽ തിരിച്ചറിയുന്നില്ല. എന്റെ സ്നേഹിതനായ ബോബ് മുപ്പതു വയസ്സാകുന്നതുവരെ ക്രിസ്ത്യാനിയായിരുന്നില്ല. അയാൾ ഒരിക്കൽ എന്നോടു പറഞ്ഞു, "ഒരു സമയം, ഞാൻ ഒന്നും നഷ്ടപ്പെടുത്തിയിരുന്നതായി എനിക്കു തോന്നിയില്ല. എന്റെ ജീവിതം ശൂന്യമാണെന്നേ എനിക്കു തോന്നിയില്ല." നമ്മിൽ പലരും ബോബിനെ പോലെ ആയിരുന്നു. ദിവസങ്ങൾക്കും മാസങ്ങൾക്കും വർഷങ്ങൾക്കും ശേഷമായിരിക്കാം നാം ജീവിതത്തിന്റെ "ധ്രുതഗതിയിൽ" സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്നും, നാം ഇഛരിക്കുന്നതു പ്രവർത്തിച്ചാണ് ജീവിക്കുന്നതെന്നും, നമ്മളിൽ ചിലർ വിചാരിക്കുന്നത്. ആ സമയത്തു നാം സഹപ്രവർത്തകരുടെ മദ്ധ്യത്തിൽ എത്രമാത്രം പൂർണ്ണമായി മരിച്ച വ്യക്തിയായി കഴിഞ്ഞിരുന്നു എന്നു നമുക്കു ഒരറിവും ഉണ്ടായിരിക്കുകയില്ല.

2. *നാം ലോകത്തിന്റെ ഗതിയനുസരിച്ചു പോയിരുന്നു* (വാ. 2). ഗ്രീക്ക്

പുതിയ നിയമത്തിൽ “ലോകം” എന്ന വാക്ക് 186 പ്രാവശ്യം വരുന്നുണ്ട്, അവ പരമാർത്ഥത്തിൽ ഓരോ പ്രാവശ്യവും തിന്മയുമായുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. സൃഷ്ടിയുടെ ഭാഗമായ “ലോകം” ദൈവേഷ്ടത്തിൽ നിന്നു പൂർണ്ണമായും അതിരു കടന്നിരുന്നു. ദൈവത്തെ ഗൗരവമായി കാണാതിരിക്കുന്നതു ലൗകിക - കാഴ്ച്ചപ്പാടാണ്. ഇന്നു അത്തരം ഐഹിക ലോക - - വീക്ഷണമാണ് നിലവിലുള്ളത്. ഉടനെയുള്ള തൃപ്തിയെയാണ് അതു ഉയർത്തി കാണിക്കുന്നത്. ഇത്തരം വീക്ഷണം വെച്ചുകൊണ്ടിരിക്കുന്നവർ ലൈംഗികത, ആഹാരം, മദ്യപാനം, ഒഴിവുകൾ, വസ്ത്രങ്ങൾ, പണം, വിനോദം എന്നിവയ്ക്കാണ് പ്രധാന്യം കല്പിക്കുന്നത്. ഐഹിക ലോക - വീക്ഷണത്തിന്റെ ആധിപത്യമാണ് ഇന്നു ഏറ്റവും അധികം വിറ്റഴിക്കുന്ന വിലയില്ലാത്ത പുസ്തകങ്ങൾ. അതാണ് ആധുനിക കലയിലും, റ്റിവി ഷോകളിലും, ആളുകൾ കൂട്ടത്തോടെ കാണുന്ന സിനിമകളിലും ഉള്ളത്. ധാർമ്മികം ആപേക്ഷികമാണെന്നാണ് ഐഹിക ലോക - വീക്ഷണം. തെറ്റും ശരിയും വ്യക്തിയുടെ ഇഷ്ടാനിഷ്ടമനുസരിച്ചിരിക്കും.

3. *ദുഷ്ടശക്തികൾ നമ്മെ നിയന്ത്രിക്കുന്നു.* വാക്യം 2 പറയുന്നതു നാം ലോകത്തിന്റെ ഗതി അനുസരിച്ചു മാത്രമല്ല നടന്നത്, എന്നാൽ “ആകാശത്തിലെ അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന, ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു” എന്നാണ്. സാത്താൻ “ഈ ലോകത്തിന്റെ ഭരണാധികാരിയും” (യോഹന്നാൻ 12:31), “ഭൂതങ്ങളുടെ ഭരണാധികാരിയും” (മത്തായി 9:34), “ഈ ലോകത്തിന്റെ ദൈവവുമാണ്,” അവൻ “അവിശ്വാസികളുടെ മനസു കുരുടാക്കി വെച്ചിരിക്കുന്നു” (2 കൊരിന്ത്യർ 4:4). സാത്താൻ ദൈവത്തോടു മത്സരിക്കാൻ തയ്യാറാകും. ക്രിസ്തുവിൽ ആകുന്നതിനു മുൻപു, നാം അറിഞ്ഞോ അറിയാതെയോ സാത്താന്റെ സ്വാധീനത്തിനു കീഴ്പ്പെട്ടിരുന്നു. നാം പിശാചിനോട് ചേർന്നു സഞ്ചരിച്ചിരുന്നു. അവൻ നേരിട്ടു, വസ്തുതാ - രഹിതമായ രീതിയിലാണ് നമ്മുടെ ഉള്ളിൽ കടക്കുന്നത്.

4. *നാം ജഡത്തെ തൃപ്തിപ്പെടുത്തുവാൻ ജീവിച്ചു* (വാ. 3). “ജഡം” എന്ന വാക്ക് *സാർക്സ്* എന്ന ഗ്രീക്ക് വാക്കിനെ തർജ്ജിമ ചെയ്യുന്നു. ഇതു പാപത്തിലുള്ള മനുഷ്യനെ സൂചിപ്പിക്കുന്നു. ദൈവത്തിനെതിരായി, പശ്ചാത്താപമില്ലാതെ, സ്വന്തം ഇഷ്ടത്തെ മാനിക്കുവാൻ നാം രൂപപ്പെടുത്തുന്ന ഒരു പ്രവണതയാണത്.

5. *നമ്മെ കുറ്റം വിധിച്ചിരുന്നു* (വാ. 3). പൗലൊസ് പറഞ്ഞത് നാം “ശേഷമുള്ളവരെ പോലെ, പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു” എന്നാണ്. പാപത്തിനെതിരായ വിശുദ്ധ കോപം ആണ് ദൈവത്തിന്റെ വിശുദ്ധി ആവശ്യപ്പെടുന്നത്. ദൈവം പാപത്തെ എപ്പോഴും, എവിടെയും, അതാരു ചെയ്താലും വെറുക്കുന്നു. “ക്രോധം” എന്നതിന്റെ ഗ്രീക്ക് വാക്ക് (ഗ്രീക്ക്.: *ഓർഗേ*) അർത്ഥം “എല്ലാ വിധത്തിലും ഭാവത്തിലുമുള്ള ദുഷ്ടതക്കെതിരായ പരിശുദ്ധനായ ദൈവത്തിന്റെ ശക്തവും തുടർച്ചയായും ഉള്ള പ്രതികരണം”[1] എന്നാണ്.

ക്രിസ്തുവിനെ കൂടാതെയുള്ള ജീവിതത്തെ കുറിച്ചുള്ള വിവരണം പൗലൊസ് വരച്ചു കാണിച്ചിരിക്കുന്നു. നാം മരിച്ചവരായിരുന്നു. നാം ലോകത്തിന്റെ ഗതികൾ അനുസരിച്ചു ജീവിക്കയായിരുന്നു. ദുഷ്ട ശക്തികൾ നമ്മെ നിയന്ത്രിച്ചിരുന്നു. നാം ജഡത്തെ തൃപ്തിപ്പെടുത്തി ജീവിച്ചിരുന്നു. നാം

ദൈവമുൻപാകെ ശിക്ഷ വിധിക്കപ്പെട്ടിരുന്നു.

ചിലർ പറഞ്ഞേക്കാം, "ഒരു നിമിഷം നില്ക്കുക. നല്ല അന്തസ്സുള്ള ജീവിതം നയിക്കുന്നവരെ കുറിച്ച് എന്താണ് പറയുവാനുള്ളത്? അവർ കുറ്റവാളികളല്ല. അവർ നല്ല അയൽക്കാരാണ്. അവർ ജീവിതത്തെ പൊതുവിൽ കുഴപ്പിക്കാറില്ല. ഈ വിവരണം അവരെ സംബന്ധിച്ചു എങ്ങനെ പ്രായോഗികമാകും?" ഇതിനെ സംബന്ധിച്ചു ജോൺ മാക് ആർദർ വിശദീകരിച്ചിരിക്കുന്നത് എനിക്ക് ഇഷ്ടമാണ്:

> ദൈവത്തെ കൂടാതെ എല്ലാവരും പാപികളാണെന്നു പറഞ്ഞാൽ അതിനർത്ഥം എല്ലാവരും തുല്യമായി ദുഷിച്ചവരും മലിനപ്പെട്ടവരും ആണെന്നു ധരിക്കരുത്. യുദ്ധക്കളത്തിലെ ഇരുപതു ശവപ്പെട്ടിയിലുണ്ടായിരുന്നവരുടെ മൃതശരീരം അഴുകുന്നത് വ്യത്യസ്ത രീതിയിലായിരിക്കാം, പക്ഷെ അവരെല്ലാം തുല്യമായി മരിച്ചവരാണ്. പല രൂപത്തിലും അളവിലുമാണ് മരണം പ്രത്യക്ഷപ്പെടുന്നത്, എന്നാൽ മരണത്തിന്റെ അവസ്ഥക്കു അളവൊന്നുമില്ല. പാപം പല വിധത്തിലും അളവിലും ആണ് കാണപ്പെടുന്നത്, പക്ഷെ പാപത്തിന്റെ അവസ്ഥക്കു അളവൊന്നുമില്ല. എല്ലാവരും അവർക്കു ആകാവുന്നത്ര ദുഷ്ടരല്ല, എന്നാൽ എല്ലാവരും ദൈവത്തിന്റെ തികഞ്ഞ നിലവാരം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു.[1]

രണ്ടു പ്രായോഗിക ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഈ സത്യത്തെ നമുക്ക് ഇപ്പോൾ പരിഗണിക്കാം.

*ഒന്ന്, നഷ്ടപ്പെടുക എന്നതിനെ നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതുമായി നേരിട്ട് രക്ഷക്കു വേണ്ട അറിവു ബന്ധപ്പെട്ടിരിക്കുന്നു.* ദൈവത്തിന്റെ ശക്തിയില്ലെങ്കിൽ നിങ്ങൾക്കു പ്രത്യാശയില്ല, ദൈവശക്തി ക്രിസ്തുവിന്റെ സുവിശേഷത്തിലാണുള്ളത്. ക്രിസ്തു നിങ്ങൾക്ക് ഇല്ലെങ്കിൽ, നിങ്ങളുടെ ജീവിതത്തെ കുറിച്ചുള്ള ദൈവത്തിന്റെ വിശദീകരണം 2:1–3–ൽ കാണാം. നിങ്ങൾ ജീവിച്ചിരിക്കുന്നു എന്നു വിചാരിച്ചേക്കാം, പക്ഷെ ദൈവത്തെ സംബന്ധിച്ചു നിങ്ങൾ മരിച്ചവരാണ്. നിങ്ങളിൽ ചിലർ ചെറുപ്പമാണ്, അതുകൊണ്ട് ദൈവത്തെ അനുസരിക്കുന്നത് പിന്നീട് മതി എന്നു വിചാരിക്കും. നിങ്ങളിൽ ചിലർ ജോലിയിൽ വ്യാപൃതനാകുന്നതുകൊണ്ട് ദൈവത്തെ കുറിച്ചുള്ള ചിന്തകൾക്ക് രണ്ടാം സ്ഥാനം കൊടുത്തിരിക്കുന്നു. ദൈവത്തെ കൂടാതെ ദീർഘകാലം ജീവിച്ചു ശീലിച്ചവരാണ് ചിലർ. ബൈബിളിലേക്കു നോക്കുക. ഈ വേദഭാഗത്തേക്കു നോക്കുക. അതൊരു കണ്ണാടിയാണ്. ദൈവത്തെ കൂടാതെ നിങ്ങൾ എങ്ങനെ ഇരിക്കും എന്നു അതു കാണിക്കുന്നു, അപ്പോൾ അവനെ നിങ്ങൾക്കു എത്രത്തോളം ആവശ്യമുണ്ടെന്നു ബോധ്യമാകുന്നു.

*രണ്ട്, ദൈവത്തെ പുകഴ്ത്തുന്നതിന്റെ തീവ്രത അവനെ കൂടാതെ നമ്മൾ എങ്ങനെയിരിക്കുമെന്ന് നാം മനസ്സിലാക്കിയിരിക്കുന്നതുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു.* ആരാധന നിങ്ങൾക്കു മടുപ്പുളവാക്കുന്നു എങ്കിൽ, ദൈവം നിങ്ങൾക്കു ചെയ്തതു നിങ്ങൾ ഗ്രഹിച്ചിട്ടില്ല. നാം ദൈവത്തെ സ്തുതിച്ചു പാടുമ്പോൾ ഒരിക്കലും കോട്ടുവായിടുകയോ ആരാധനയിൽ കർത്താവിനു മഹത്വം കൊടുക്കുന്നതു ഒഴിവാക്കുകയോ ചെയ്യരുത്. നാം കർത്താവിന്നായി താല്പര്യവും, ആവേശവും, ആകാംക്ഷയും ഉള്ളവരാകണം. നാം മുൻപു ആരായിരുന്നു എന്നും ദൈവം എന്തു വ്യത്യാസമാണ് നമ്മിൽ വരുത്തിയ

തെന്നും മനസ്സിലാക്കിയാൽ നാം ഒരിക്കലും ആത്മാർത്ഥതയില്ലാതെ “ഹല്ലേലുയ്യ, പ്രെയിസ് ജെഹോവ” എന്നു പാടുകയില്ല. ആകാംക്ഷയും സന്തോഷവും ഇല്ലാതെ നമുക്ക് എങ്ങനെ “ഞാൻ വീണ്ടെടുക്കപ്പെട്ടു” എന്നു പാടുവാൻ കഴിയും? ദൈവത്തെ കൂടാതെ നാം എത്ര മോശമായിരുന്നു എന്നു കൂടുതലായി അറിയുന്തോറും, അവൻ നമ്മുടെ ജീവിതത്തിൽ വരുത്തിയ മാറ്റത്തിനു നാം അവനെ കൂടുതലായി സ്തുതിക്കും.

ദൈവശക്തിയില്ലാതെയുള്ള പാപികളുടെ അവസ്ഥയെ കുറിച്ചു ദൈവം 2:1-3-ൽ വിവരിച്ചിരിക്കുന്നതിൽ നിന്നു നാം പഠിക്കുന്നു.

## ദൈവശക്തിയുടെ ഫലമായി പാപികളിൽ ഉണ്ടാകുന്ന മാറ്റത്തെ ദൈവം വെളിപ്പെടുത്തുന്നു

പാപികളുടെ അവസ്ഥ കാണിച്ചശേഷം, ആ അവസ്ഥ മാറ്റുവാൻ ദൈവം എന്തു ചെയ്തു എന്നു പൗലൊസ് വിവരിക്കുന്നു:

> കരുണാസമ്പന്നനായ ദൈവമോ, നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം, അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ, ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും (കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു), ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ, തന്റെ കൃപയുടെ അത്യന്തധനത്തെ, വരും കാലങ്ങളിൽ കാണിക്കേണ്ടതിനു, ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു, സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു (2:4-7).

സുവിശേഷം “എന്നാൽ ദൈവം” എന്ന വാക്കുകളെ ആശ്രയിച്ചാണിരിക്കുന്നത്. അതു ഓർമ്മിപ്പിക്കുന്നത് നമ്മുടെ ഭയങ്കരമായ അവസ്ഥയെയും, നമ്മുടെ പരാജയങ്ങളെയും പാപങ്ങളെയും, മത്സരത്തെയും നഷ്ടത്തെയും കുറിച്ചാണ്. ഞെട്ടിക്കുന്ന പ്രാധാന്യത്തിനെതിരായതിനെയും അവ പറയുന്നു. അനാരോഗ്യകരമായ ആത്മിയ പരാജയത്തിന്റെ പശ്ചാത്തലത്തിനെതിരായി അവിടെ കാണുന്ന ദൈവം “കരുണാ സമ്പന്നനും” അവൻ “നമ്മെ സ്നേഹിച്ച സ്നേഹാധിക്യം” ഉള്ളവനുമാണ്.

ഈ ക്രിയകളുടെയും പ്രവൃത്തികളുടെയും വിശദീകരണത്താൽ അവൻ നമുക്കു എന്തു ചെയ്തിരിക്കുന്നു എന്നു ശ്രദ്ധിക്കുക:

1. *അവൻ “നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചിരിക്കുന്നു.”* ക്രിസ്ത്യാനി ഇനി ദൈവത്തിൽ നിന്നകലെ അല്ല. അവൻ ഇനി മരിച്ചവൻ അല്ല. യേശുവാണ് വഴിയും, സത്യവും, ജീവനും (യോഹന്നാൻ 14:6). അവനിൽ ആണ് ജീവൻ (യോഹന്നാൻ 1:4). അവനിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കുന്നു (യോഹന്നാൻ 3:16).

2. *അവൻ “അവരെ അവനോടുകൂടെ [ക്രിസ്തു] ഉയിർപ്പിച്ചു.”* ഒരു വ്യക്തിയിൽ ഈ ഉയിർപ്പ് സംഭവിക്കുന്നത് എപ്പോഴാണ്? പൗലൊസ് എഴുതി,

> അല്ല യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണ

ത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു, ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ. അവന്റെ മരണത്തിന്റെ സാദൃശത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ, പുനരുത്ഥാനത്തിന്റെ സാദൃശത്തോടും ഏകീഭവിക്കും (റോമർ 6:3-5).

നിങ്ങൾ നഷ്ടപ്പെട്ടവനാണെന്നു ബോധ്യപ്പെടുമ്പോൾ, യേശു നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നു കേൾക്കുകയും, അവന്റെ കല്പനകളിലും വാഗ്ദാനങ്ങളിലും ആശ്രയിക്കുകയും, നിങ്ങളുടെ പാപമോചനത്തിനായി സ്നാനമേല്ക്കുകയും ചെയ്യുമ്പോൾ, നിങ്ങളെ ക്രിസ്തുവിനോടുകൂടെ ഉയർപ്പിക്കുന്നു. പിന്നെ നിങ്ങൾ പാപത്തിൽ മരിച്ചവരല്ല. നിങ്ങൾ ക്രിസ്തുവിൽ ജീവിക്കുന്നവരായി തീരുന്നു.

3. *അവൻ "നമ്മെ അവനോടുകൂടെ ഇരുത്തുന്നു."* നാം ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗരാജ്യത്തിൽ ഇരിക്കും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, നാം പുതിയ ഒരു വാസസ്ഥലത്തെത്തി. ദൈവത്തിനു പുറത്തുള്ള ലോകം പിന്നെ നമ്മുടെ ഭവനം ആകുന്നില്ല. നാം ഒരു പുതിയ ചുറ്റുപാടിൽ ജീവിക്കുന്നു. എന്തിനുവേണ്ടി ദൈവം നമ്മെ സൃഷ്ടിച്ചുവോ ആ ചുറ്റുപാടിൽ നാം ജീവിക്കുന്നു. ഇതു സാധ്യമാക്കേണ്ടതിനാണ് യേശു ഈ ലോകത്തിലേക്കു വന്നതു. നമ്മുടെ പുതിയ വാസസ്ഥലം അല്ലെങ്കിൽ ചുറ്റുപാടിനെ "രാജ്യം" എന്നു യേശു പലപ്പോഴായി പറഞ്ഞിട്ടുണ്ട്:

"എന്റെ രാജ്യം ഐഹികമല്ല...." (യോഹന്നാൻ 18:36).

"... നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു തരുവാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കൊസ് 12:32).

"എന്റെ പിതാവു എനിക്കു രാജ്യം നിയമിച്ചു തന്നതുപോലെ ഞാൻ നിങ്ങൾക്കും നിയമിച്ചു തരുന്നു, നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ നിന്നു തിന്നുകുടിക്കയും ചെയ്യും, ..." (ലൂക്കൊസ് 22:29, 30).

"പുതുതായി ജനിച്ചില്ല എങ്കിൽ, ആർക്കും ദൈവരാജ്യം കാൺമാൻ കഴികയില്ല" (യോഹന്നാൻ 3:3).

ക്രിസ്ത്യാനികളെ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു.

പൗലൊസ് തിരഞ്ഞെടുത്ത ക്രിയകൾ ദൈവം *എന്തു* ചെയ്തു എന്നു വെളിപ്പെടുത്തുന്നു. ദൈവം "നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചിരിക്കുന്നു," ക്രിസ്തു "വിനോടു കൂടെ ഉയിർപ്പിച്ചു" കൂടാതെ, ക്രിസ്തു "വിനോടു കൂടെ ഇരുത്തുകയും" ചെയ്തു. ദൈവം *എന്തുകൊണ്ട്* ഇതെല്ലാം ചെയ്തു എന്നതു പൗലൊസ് തുടർന്നു നമുക്കു വ്യക്തമാക്കുന്നു. നമ്മെ എന്നേക്കും ദൈവത്തിൽ നിന്നു ഛേദിച്ചു കളയേണ്ടവരായിട്ടും ദൈവം എന്തുകൊണ്ട് നമ്മെ ജീവിപ്പിച്ചു?

ഈ ചോദ്യത്തിനുള്ള ഉത്തരം നമ്മുടെ രക്ഷ, നമ്മുടെ സ്വാതന്ത്ര്യം, നമ്മെ

ജീവിപ്പിക്കുന്നത്, ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മ – ഇവക്കെല്ലാം അപ്പുറമാണ്. പൗലൊസ് പറഞ്ഞു, "ക്രിസ്തുയേശുവിൽ നമ്മെ കുറിച്ചുള്ള വാത്സല്യങ്ങൾ തന്റെ കൃപയുടെ അത്യന്തധനം വരും കാലങ്ങളിൽ കാണിക്കേണ്ടതിനു" (2:7).

ഈ വാക്യം ഉറപ്പിക്കുന്നത് എന്ത് എന്നു മനസ്സിലാക്കുവാൻ ശ്രമിക്കുക. ദൈവം നമ്മെ മരണത്തിൽ നിന്നു ക്രിസ്തുവിലുള്ള ജീവങ്കലേക്കു കൊണ്ടുവന്നു അവന്റെ കൃപയുടെ മഹത്വം സർവ്വ സൃഷ്ടികളെയും നമ്മിൽ കാണിക്കേണ്ടതിനു പ്രവർത്തിച്ചിരിക്കുന്നു. അത് യെരുശലേമിലെ ആദ്യ ക്രിസ്ത്യാനികളിൽ തുടങ്ങി അന്ത്യോക്യാ, എഫെസൊസ്, കൊരിന്ത്, റോം എന്നിവിടങ്ങളിൽ ഉള്ളവരിലേക്കു തുടർന്നു വ്യാപിച്ചു. അതു രണ്ടാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളിലും, ക്രിസ്തുവിന്റെ നാമം സ്വീകരിച്ചിരിക്കുന്ന ഏവരിലേക്കും വ്യാപിച്ചു. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും, ദൈവം തന്റെ കൃപയും സ്നേഹവും എല്ലാവർക്കും പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. നിങ്ങൾ ക്രിസ്തുവിനുള്ളവനാണെങ്കിൽ, നിങ്ങളും ആ സമൃദ്ധമായ ദൈവകൃപയുടെ മഹത്തായ സാക്ഷ്യത്തിന്റെ ഭാഗമായി.

നിത്യകാലയളവു വരുമ്പോൾ, നമ്മെ ക്രിസ്തുവിൽ ജീവിപ്പിക്കേണ്ടതിന് അവൻ ചെയ്തതിൽ നാം ആശ്ചര്യപ്പെടുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കും. തീർച്ചയായും, ദൂതന്മാരുടെ എല്ലാ സംഘവും എന്നുമെന്നേക്കും ദൈവത്തെ വാഴ്ത്തുവാൻ നമ്മോടു ചേരും.

**ഉപസംഹാരം**

മൂന്നു ചോദ്യങ്ങളോടെ നമുക്കു അവസാനിപ്പിക്കാം. അതിന്റെ ഉത്തരം നിങ്ങൾക്കു തന്നെ കണ്ടെത്താം. ഉത്തരം അനുസരിച്ചു നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാനുണ്ടെങ്കിൽ, അത് ഉടനെ വരുത്തുക.

ആത്മിയമായി നിങ്ങൾ മരിച്ചവനാണോ അതോ ജീവിക്കുന്നവനാണോ? നിങ്ങളെ മരണത്തിൽ നിന്നു ജീവങ്കലേക്കു കൊണ്ടുവന്ന ദൈവത്തോടു നന്ദിയുള്ള ഒരാളെ പോലെയാണോ നിങ്ങൾ ജീവിതം നയിക്കുന്നത്? ദൈവം നിങ്ങളിൽ വരുത്തിയ വ്യക്തമായ മാറ്റത്തെ മറ്റുള്ളവർക്കു കാണുവാൻ കഴിയുന്നുണ്ടോ?

എങ്ങനെ നിങ്ങൾ ഈ ചോദ്യങ്ങൾക്കു ഉത്തരം കണ്ടു? എന്തു മാറ്റമാണ് നിങ്ങളിൽ വരുത്തേണ്ടത്? നിങ്ങളുടെ ജീവിതത്തിൽ വ്യത്യാസം വരുത്തുവാൻ ദൈവത്തിനു ശക്തിയുണ്ട്. ദൈവം അതു ചെയ്യട്ടെ.

---

കുറിപ്പ്

[1]ജോൺ മാക് ആർദർ, ജൂനിയർ., *എഫെഷ്യൻസ്*, ദ മാക് ആർദർ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഷിക്കാഗോ, Ill.: മൂഡി പ്രെസ്, 1986), 54.